LIBRARY ARCHIVES Kerala Legislative Assembly

ആദിസർഗ്ഗ പദ്ധതികൾ

205 (2485) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി "ആദിസർഗ്ഗ "എന്ന പേരിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

എംപ്ലോയ്മെന്റ് വകുപ്പിലൂടെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരിലൂടെ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു നൂതന പദ്ധതിയാണ് ആദിസർഗ്ഗ. ഈ പദ്ധതി പ്രകാരം ആദിസർഗ്ഗ കേന്ദ്ര എന്ന പേരിൽ അഗളി കേന്ദ്രമാക്കി ആദിവാസികൾക്കുമാത്രമായി ഒരു ടൈബൽ എംപ്ലോയബിലിറ്റി-കം-ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ആദിവാസി യുവജനങ്ങളുടെ സ്കിൽ ഗ്യാപ് വിവിധതരം അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ പരിശീലനം നൽകി അവരെ എംപ്ലോയബിൾ ആക്കുവാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കമ്പ്യൂട്ടർ പരിജ്ഞാനവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകുവാനും വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ നൽകുക വഴി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ബാങ്കിംഗ് മേഖലകളിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആദിസർഗ്ഗ കേന്ദ്രയ്ക്കായി AHADS-ന്റെ ബിൽഡിംഗ് ഗ്രാമവികസന വകുപ്പ് വിട്ടുനൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ദളിത് റിസോർട്ടിലെ തൊഴിലാളി സമരം

206 (2486) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദളിത് റിസോർട്ടിലെ തൊഴിലാളികൾ സമരത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് തൊഴിലാളികളെ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട തർക്കത്തിലാണ് ഇപ്പോൾ സമരം നടക്കുന്നത്. സ്ഥലം മാറ്റപ്പെട്ട രണ്ട് തൊഴിലാളികളും സ്ഥാപനത്തിലെ തൊഴിലാളികളല്ലാത്ത ട്രേഡ് യൂണിയൻ പ്രവർത്തകരുമാണ് സമരത്തിൽ പങ്കെടുക്കുന്നത്. തർക്ക പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ ലേബർ ആഫീസർ വിളിച്ചു ചേർത്ത അനുരഞ്ജന ചർച്ച ഫലം കാണാതെ വന്നതിനെത്തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജന ചർച്ചയും പരാജയപ്പെട്ട സാഹചര്യത്തിൽ വ്യവസായ തർക്ക നിയമത്തിലെ 12(4) വകുപ്പ് പ്രകാരമുള്ള അനുരഞ്ജന പരാജയ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്.

സർക്കാർ ഏജൻസികൾ വഴി നഴ്സിംഗിനായി വിദേശത്തേക്കുള്ള റിക്രൂട്ട്മെന്റ്

207 (2487) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സർക്കാർ ഏജൻസികൾ വഴി നഴ്സിംഗിനായി വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്തവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിസ ലഭിച്ച എല്ലാ നഴ്സുമാർക്കും സർക്കാർ ഏജൻസി വഴി യഥാസമയം വിദേശത്തേയ്ക്ക് പോകുന്നതിനുള്ള സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഏജൻസികളുടെ നഴ്സിംഗ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് പൂർണ്ണമായും അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) വിസ ലഭിച്ചതും വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്യപ്പെടാൻ ആഗ്രഹിക്കുന്നതുമായ എല്ലാ നഴ്സുമാർക്കും സർക്കാർ ഏജൻസികൾ വഴി റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടത്തുന്ന തരത്തിലുള്ള സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 428.

LIBRARY ARCHIVES Kerala Legislative Assembly